# അക്കാദമിക മാസ്റ്റർ പ്ലാൻ

2025–26




## വിമല ഹൃദയ എൽ.പി.എസ്

വിരാലി

## പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കും. പൊതു വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ പ്രോജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന ഒരു വിദ്യാലയമാണ് വിമല ഹൃദയ എൽ.പി.എസ് വിരാലി. പൊതു സമൂഹത്തിന്റെ പിന്തുണകൊണ്ടും ജീവനുറ്റ അദ്ധ്യാപകരെകൊണ്ടും സമ്പന്നമായ ഈ സ്കൂൾ വരുംവർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടിരിക്കാനുള്ള പരിശ്രമത്തിലാണ്. അതിനു കരുത്ത് പകരാൻ ഏറെ സഹായകരമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. നമ്മുടെ ഈ സ്കൂളിന് മികച്ച പൊതു പിന്തുണ ലഭ്യമാകുമെന്ന പ്രതീക്ഷയോടെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കട്ടെ.

പിടിഎ പ്രസിഡന്റ്
**ശ്രീ.സജിത**

ഹെഡ്മിസ്ട്രസ്
**സിസ്റ്റർ സിമി അലോഷ്യസ്**

എം.പിടിഎ പ്രസിഡന്റ്
**ശ്രീമതി പൂജ**

# ഉള്ളടക്കം


ആമുഖം

അടിസ്ഥാന വിവരങ്ങൾ

സ്കൂൾ ചരിത്രം

പൊതുലക്ഷ്യങ്ങൾ

അക്കാദമികം

ലക്ഷ്യങ്ങൾ

മലയാളം

ഇംഗ്ലീഷ്

ഗണിതം

പരിസര പഠനം

സർഗവേദി

കലാപഠനം

ആരോഗ്യ കായിക വിദ്യാഭ്യാസം

# ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടി യുടെ കഴിവ് പരിഗണിച്ചാണ് സ്കൂൾ തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാസമ്പത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | വിമലഹൃദയ എൽ.പി.എസ് വിരാലി |
| മേൽവിലാസം | : | വിമല ഹൃദയ എൽ.പി.എസ് വിരാലി |
| | | ഉച്ചക്കട (പി.ഒ) തിരുവനന്തപുരം |
| ഫോൺ | : | 8848353031 |
| സ്കൂൾ കോഡ് | : | 44544 |
| വിദ്യാഭ്യാസ ഉപജില്ല | : | പാറശ്ശാല |
| വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| റവന്യു ജില്ല | : | നെയ്യാറ്റിൻകര |
| ബി.ആർ.സി | : | പാറശ്ശാല |
| സി.ആർ.സി | : | ദേവർപുരം |
| ഗ്രാമപഞ്ചായത്ത് | : | കുളത്തൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : | നെയ്യാറ്റിൻകര |
| താലൂക്ക് | : | നെയ്യാറ്റിൻകര |
| വില്ലേജ് | : | കുളത്തൂർ |
| ഇ-മെയിൽ വിലാസം | : | vhlpsviraly@gmail.com |
| Facebook | : | |
| Youtube | : | |
| സ്കൂൾ വിക്കി | : | |

# വിമല ഹൃദയ എൽ.പി സ്കൂൾ വിരാലി (ചരിത്രം)

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ പാറശ്ശാല ഉപജില്ലയിൽ കുളത്തൂർ ഗ്രാമപഞ്ചായത്തിൽ വിരാലി എന്ന മനോഹരമായ സ്ഥലത്താണ് വിമല ഹൃദയ എൽ.പി സ്കൂൾ സ്ഥിതിചെയ്യുന്നത്. ഇത് ഒരു എയ്ഡഡ് സ്കൂളാണ്. വിരാലി എന്ന പേര് തന്നെ വ്യത്യസ്തകാരണങ്ങളാൽ വന്നതായിരിക്കണം എന്ന് ചിന്തിക്കുന്നവരും പറയുന്നവരുമുണ്ട്. വിരാൽ എന്ന മത്സ്യവും വിരാലി എന്ന ഔഷധചെടിയും, ഒരു കുടിയേറ്റ കർഷകനും ഈ നാമധേയത്തിന് കാരണമായി എന്ന് രേഖകളിൽ കാണുന്നു. കുറ്റികാടുകൾ നിറഞ്ഞതും നട്ടുച്ചക്ക് പോലും ഇരുട്ടുപതിയിരിക്കുന്ന ഒരു കുഗ്രാമമായിരുന്നു വിരാലി. സഞ്ചരിക്കാൻ ഒറ്റയടി പാതകൾ. അങ്ങിങ്ങ് ഓലമേഞ്ഞ ഇടത്തരം വീടുകൾ, പകലന്തിയോളം പണിയെടുത്തു തളരുന്ന ഗ്രാമീണർ. ഈ കുടിലുകളിൽ ഉണ്ടും ഉറങ്ങിയും സാധാരണമട്ടിൽ ജീവിച്ചുപോന്ന ഗ്രാമീണർക്ക് വിദ്യ ഒരു അവശ്യവസ്തു ആയിരുന്നില്ല. അത്യാവശ്യം എഴുത്തും വായനയും അറിഞ്ഞിരിക്കണം. അതിന് ഏതെങ്കിലും ഒരു ആശാന്റെ കുടി പള്ളിക്കൂടത്തിൽ ഒന്നോ രണ്ടോ കൊല്ലം എഴുത്തിനിരുത്തിയാൽ മതി. അത്രയുംകൊണ്ട് മക്കളുടെ 'കണ്ണും തലയും തിരുഞ്ഞോളും' എന്ന് അച്ഛനമ്മമാർ കരുതിപോന്നു.

ആ അവസ്ഥയിൽ നിന്ന് നാടിന് പുരോഗതി ഉണ്ടാകണമെന്ന് ചിന്തിക്കുകയും അതിനാവശ്യം നല്ല വിദ്യാഭ്യാസം ആണെന്ന് ബോധ്യമാവുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്ത ഒരു മഹാനാണ് ശ്രീ. തപസിമുത്തുനാടാർ. ഭരണസാരഥ്യം വഹിക്കുന്ന ബ്രിട്ടീഷ്കാരുടെ ഭാഷയും അതിലൂടെ നേടാൻകഴിയുന്ന വിദ്യാഭ്യാസവും നാളത്തെ സമൂഹത്തിന് എത്രത്തോളം ആവശ്യമാണെന്ന് അദ്ദേഹത്തിന് ബോധ്യമാവുകയും തൽഫലമായി തന്റെ സഹോദരങ്ങൾക്കും മികച്ച വിദ്യാഭ്യാസം ലഭിക്കുന്നതിനും വിരാലി ഗ്രാമത്തിന് അഭിമാന സ്തംഭമായി സെന്റ്.മേരീസ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു. 28 പെൺകുട്ടികളുമായി 1920 ൽ പ്രവർത്തനം ആരംഭിച്ചു.

ഒരേ മാനേജ്മെന്റിന്റെ കീഴിൽ രണ്ട് സ്കൂളുകൾ. പ്രൈമറി സ്കൂളിന് 1922 ൽ തന്നെ അംഗീകാരം ലഭിച്ചു. പരിശുദ്ധ കന്യകാമറിയത്തിന്റെ പേരാണ് അദ്ദേഹം പ്രൈമറി സ്കൂളിൻ നൽകിയത്. സെന്റ്.മേരീസ് ഗേൾസ് പ്രൈമറി സ്കൂൾ. പിൽകാലത്ത് സെന്റ്.മേരീസ് പ്രൈമറി സ്കൂൾ എന്നും 1996 ൽ വിമല ഹൃദയ സ്കൂൾ എന്നും മാറ്റപ്പെട്ടു. സ്കൂളിന്റെ ഭൗതിക സാഹാചര്യം പൂർണമായും മാറ്റപ്പെട്ടത് വിമലഹൃദയ സിസ്റ്റേഴ്സ് ഏറ്റെടുത്തതോട് കൂടിയാണ്. ഇന്ന് ഈ സ്കൂളിന് നേതൃത്വം നൽകികൊണ്ടിരിക്കുന്നത് റവ.മദർ റെനോറമേരി അവർകളാണ്.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ് ' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തലരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ ഉപയോഗിക്കുന്നത് അദ്ധ്യാപകരെ ശാക്തീകരിക്കും. അതുവഴിമെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ ആധുനികവൽക്കരിക്കും.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട ശേഷികൾ, തീർക്കേണ്ട പാഠങ്ങൾ ഇവ ക്ലാസ്സ് പി.ടി.എ യിലൂടെ രക്ഷിതാക്കളെ അറിയിക്കും.
8. ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്കുഷീറ്റുകൾ എസ്. ആർ.ജി യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
12. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
13. ഹരിതസേന രൂപീകരിക്കൽ.
14. കൃഷി, ഔഷധതോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക്ക് ആക്കി മാറ്റുക.

# അക്കാദമികം

**നേട്ടങ്ങൾ**

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം.
- മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം.
- ''ഓരോ കുട്ടിയും ഒന്നാമനാണ്'' പദ്ധതി പ്രകാരം കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം നൽകുന്നു.
- കലാ പഠനം, പ്രവൃത്തി പരിചയം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
- പഠനത്തിൽ പിൻതുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യക്തിഗത സപ്പോർട്ട്.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു.
- ജൈവ വൈവിധ്യ അന്തരീക്ഷം കുട്ടികൾക്ക് പ്രദാനം ചെയ്യുന്നു.

**പരിമിതികൾ**

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- മികച്ച ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.
- ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ഒരുക്കാൻ അധ്യാപകർക്കും കഴിയുന്നില്ല.
- സ്മാർട്ട് ക്ലാസ്സ്റൂം ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനനുപാതികമുള്ള കമ്പ്യൂട്ടറുടെ എണ്ണത്തിൽ കുറവുണ്ട്. സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠനപ്രവർത്തനങ്ങൾ ഐ.സി.ടി യുമായി ബന്ധിപ്പിച്ച് നൽകാൻ പ്രയാസം നേരിടുന്നു.

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്ത രാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശ യവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജന പ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തു ക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ വർക്ക് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ്സ്തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവടങ്ങളിൽ ഇംഗ്ലീഷ് വായന കാർഡുകൾ, ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ ക്രമീകരിക്കുക.
8. Hello English മാതൃകയിൽ പാഠഭഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ ശൽപശാലകൾ ആസൂ ത്രണം ചെയ്യുക.

### ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തക.
3. ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്ന് ഉറപ്പാക്കുക.
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തു ക.
5. ഗണിതചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
6. ഗണിതം നിത്യ ജീവിതത്തിൽ പ്രയോജനപ്പെടുത്തുക.

## പരിസരപഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ളു അനുഭവം ഒരുക്കുക.
3. ശാസ്ത്രപ്രക്രീയശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജ
ന പ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ശാസ്ത്രപരീക്ഷണങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപതരാകുക.
5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.
6. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

## സാമൂഹിക അവബോധം

1. സമൂഹത്തിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
2. ജനാധിപത്യജീവിത സംസ്കാരം വളർത്തിയെടുക്കുക.
3. സഹ ജീവി സ്നേഹം വളർത്തുക
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.

## ഐ.സി.റ്റി സാധ്യത

1. വിവര സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വാതന്ത്ര്യവും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രകൃതി പരിചയം

1. നിർമ്മാണത്മകമായ കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, ഉപകാര പ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കുനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതരവിഷയങ്ങളുമായി, പഠനവുമായി പ്രവൃത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.

## കലാ പഠനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ് ' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യ മുക്തമാക്കുക. ഹരിതാഭമാക്കുക.

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടിയുടെ മുന്നറിവ് പരിശോധിക്കുന്നു | പ്രീടെസ്റ്റ് | ജൂൺ ആദ്യ വാരം | 2,3,4 class trs |
| കുട്ടികളെ ഒന്നാം ക്ലാസ്സിലെ പ്രവർത്തനങ്ങളിലേയ്ക്ക് നയിക്കുന്നതിന് | സന്നദ്ധതാ പ്രവർത്തനങ്ങൾ | ജൂൺ പകുതി വരെ | std 1 trs |
| ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേയ്ക്ക് നയിക്കുന്നതിന് | മലയാള മാധുരം അവധിക്കാലത്ത് വായനയുടെ തുടർച്ച അറിയാൻ | ജൂൺ-മാർച്ച് | std 2 trs |
| പഠനപുരോഗതി വിലയിരുത്തുന്നതിന് | ക്ലാസ് പി.ടി.എ | എല്ലാ മാസങ്ങളിലും ഒന്ന് വീതം | std 4 trs |
| അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന്, വായിക്കാൻ സഹായിക്കുന്നതിന് | മലയാളത്തിളക്കം | ജൂൺ-മാർച്ച് | ഭാഷാധ്യാപകർ |
| ഭാഷാ പഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസിപ്പിക്കുന്നതിന് | സംയുക്ത ഡയറി | ജൂൺ-മാർച്ച് | 1,2 class trs |
| ഭാഷാ പഠനത്തിൽ കൂടുതൽ സർഗാത്മക സാധ്യതകൾ തുറന്നു നൽകുന്നു | സംയുക്ത ഡയറി | ജൂൺ-മാർച്ച് | 3,4 class trs |
| കഥകൾ കേട്ട് ആസ്വദിക്കുന്നതിനും, അവതരിപ്പിക്കുന്നതിനും | കഥാവേള അമ്മമ്മാർ വായിച്ചു കൊടുക്കുന്ന കഥകൾ കേൾക്കുന്നു അവതരിപ്പിക്കുന്നു | ജൂൺ-മാർച്ച് | class 1 trs |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പാട്ടുകൾ, കവിതകൾ താളത്തോടെ അവതരിഷിക്കുന്നു | പാട്ടരങ്ങ് ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകമാക്കുന്നു | ജൂൺ - മാർച്ച് | class 1 trs |
| കാവ്യാസ്വാദനം, ആശയ ഗ്രഹണം, അവതരണം എന്നിവയിൽ മികവുണ്ടാക്കുന്നതിന് | കാവ്യോത്സവം ഒന്നാം ക്ലാസ്സിൽ ആരംഭിക്കുന്ന പാട്ടരങ്ങിന്റെയും 3-ാം ക്ലാസിൽ ആരംഭിക്കുന്ന കാവ്യോത്സവത്തിന്റെയും തുടർച്ച | ജൂൺ - മാർച്ച് | 3,4 class trs |
| നിർമ്മാണം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ആശ്രയ ഗ്രഹണം സാധ്യമാക്കുന്നതിന് | സചിത്ര പുസ്തകം 1,2 ക്ലാസ്സുകളിൽ പാഠഭാഗങ്ങൾ സചിത്രത്തോടുകൂടി തയ്യാറാക്കിയ പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | 1,2 class trs |
| നാടൻപാട്ടുകൾ, നിർമാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി രക്ഷിതാക്കളെ പങ്കെടുപ്പിക്കൽ | ശില്പ ശാലകൾ പാവ നാടകം 1,2 ക്ലാസുകളിൽ സചിത്രപുസ്തകത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ | ജൂൺ, ഓഗസ്റ്റ്, ഒക്ടോബർ ജനുവരിമാസങ്ങളിൽ | class trs |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ക്ലാസ് തല പതിപ്പുകൾ ആൽബം, പാഠഭാഗമായി ബന്ധപ്പെട്ട പണിപ്പുരകൾ ഒരുക്കൽ | എല്ലാ മാസവും | class trs |
| ലേഖനം മെച്ചപ്പെടുത്തു രചനോന്നതിന് | ത്സവം, കഥോത്സവം ചിത്രകഥകൾ നൽകി കഥ പൂർത്തിയാക്കി എഴുതൽ | സെപ്റ്റംബർ മുതൽ മാർച്ച് വരെ | trs |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരസ്പരം സഹായിച്ചുള്ള വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുന്നു | റീഡേഴ്സ് തിയേറ്റർ രാസസജ്ജീകരണങ്ങളോ ചമയങ്ങളോ ഇല്ലാത്ത ഒരു സംഘം വായനക്കാർ നാടകീയ വായന നടത്തുന്നു | ജൂൺ മാർച്ച് | trs |
| തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയങ്ങൾ ചോർന്നു പോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് | സ്കൂൾ പത്രം ക്ലാസ്സ് പത്രം വിശേഷാവസരങ്ങളിൽ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതൽ | ഓഗസ്റ്റ് മുതൽ മാർച്ച് വരെ | class trs |
| പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാതെ എഴുതാൻ സാധിക്കുന്നതിന് | പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ-മാർച്ച് | trs |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | രചനോത്സവം വായനാ സാമഗ്രികളിൽ നിന്നും വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | class trs |
| എല്ലാ കുട്ടികളുടെയും ഭാഷാശേഷി വികസിപ്പിച്ച് സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക | ഭാഷോത്സവം പലഹാര മേള കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിവയുടെ പ്രദർശനം | ഫെബ്രുവരി | all trs |
| കുട്ടികളുടെ സർഗാത്മക കഴിവുകളെ കണ്ടെത്തി പ്രകടിപ്പിക്കുക | പഠനോത്സവം ബാലസഭ പത്ര പ്രവർത്തനങ്ങളിൽ മികച്ചത് പൊതു സമൂഹത്തെ അറിയിക്കുക | മാർച്ച് ഏപ്രിൽ | all trs |

| Aims | Activities | Period | Control |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | English Assembly<br>To conduct English Assembly in school | A day in week | English trs |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | English diary (3,4)<br>ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | A day in week | English trs |
| writing skills of the pupil | Pre test activity | June first week | English trs |
| Enrich the english vocabulary | one day one word | June first week onwords | Class trs |
| To improve reading skill | Reading card work-shop<br>രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമിക്കുന്ന ശില്പ ശാല | July | English trs |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | Worksheet workshop<br>ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു | July | SRG |
| To improve the English language | Spoken English Class | July to March once in a week | H.M |
| To develop all skills of the children | Hello english | July to March | English trs |
| To improve speaking skills | converssation, skit, breaking news, story telling | June - March | trs |
| To develop writing skills | Picture description, Add more lines | June - March | English trs |
| To develop fluency in English | Speech, book review | August-February | trs |
| To speak and read English sentences with voice modulation and gestures | Readrs theatre | June - March | english trs |
| prepare a dictionary based on the text book | my own English dictionary | June - March | trs |
| Speech Bubbles | Give chances for filling Speech bubble | June - March | English trs |

| Aims | Activities | Period | Control |
|---|---|---|---|
| Read and enjoy | Tell simple English stories with proper action & voice modulation Gives more stories having great values | June - March | Trs |
| Notice making | Leads the learners to discuss and prepare various notices about the events in our school | July - March | Trs |
| Picture Dictionary | At the end of each unit collect words and create a picture Dictionary | At the end of each unit | English Trs |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കളികളിലൂടെ ഗണിതാശയങ്ങളും സംഖ്യാബോധവും കുട്ടികളിൽ ഉറപ്പിക്കുക. | ഉല്ലാസ ഗണിതം | ജൂൺ - ഫെബ്രുവരി | ഗണിതാധ്യാപകർ |
| കളിയിലൂടെയും വിവിധ പ്രവർത്തനങ്ങളിലൂടെയും അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കൽ | ഗണിതക്രിയകൾ | ജൂൺ - മാർച്ച് | trs |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | ഗണിതമൂല | ജൂൺ | Class trs |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | ഗണിത വിജയം പ്രായോഗിക പ്രശ്നങ്ങളുടെ ........... | ജൂലൈ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ |
| ഗണിതപത്രത്തിനാവശ്യമായ സാധനങ്ങൾ തയ്യാറാക്കൽ | ശല്പശാല കാർഡ് നിർമ്മാണം, രൂപങ്ങൾ, സ്കെയിൽ എന്നിവയുടെ നിർമ്മാണം | ജൂലൈ | Maths trs |
| ഗണിത പഠനത്തിനാവശ്യമായ സാധനങ്ങൾ.......... ക്രമീകരിക്കൽ | ഗണിത കിറ്റ് ICT സാധ്യത | ജൂലൈ | Maths trs |

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രോവ ബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | എന്റെ പരീക്ഷണം പരീക്ഷണങ്ങൾ രേഖപ്പെടു ത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | trs |
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചയ്ക്കിണങ്ങുന്നവിധമുള്ള പ്രവർത്തനനങ്ങളൊരുക്കുക | പരീക്ഷണകിറ്റ് മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണത്തിനാവശ്യമായ വസ്തുക്കൾ ശേഖരിച്ചു സൂക്ഷിക്കുന്നതിന് | ജൂൺ - ജൂലൈ | Evs trs |
| നിരീക്ഷണ പരീക്ഷണങ്ങളിലൂടെ പരിസര പഠനം സ്വായത്തമാക്കുന്നതിന് | ശാസ്ത്ര കൗതുകം 50 ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | ജൂൺ - മാർച്ച് | Evs trs |
| ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷക്കൽ, ജൈവ വൈവിധ്യം തിരിച്ചറിയൽ, പൊതുമേഖല സ്ഥാപനങ്ങളെക്കുറിച്ചുള്ള അറിവ് സമ്പാദിക്കൽ | പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ്, Zoo സന്ദർശനം, Biodiversity സന്ദർശനം പൊതുമേഖലാ സ്ഥാപന സന്ദർശനം | ജൂൺ - ജൂലൈ, ഡിസംബർ | class trs |
| വിവിധയിനം പൂക്കളെ തിരിച്ചറിയൽ, ഇതളുകളുടെ എണ്ണം, മണമുള്ളവ, ഇല്ലാത്തവ തിരിച്ചറിയുന്നു | പൂന്തോട്ടനിർമാണം വീട്ടിൽ പൂന്തോട്ടം ഒരുക്കുന്നു, സ്കൂളിൽ പൂന്തോട്ടം പരിപാലിക്കുന്നു. | ഓഗസ്റ്റ് | class trs |
| പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അവബോധം വളർത്തുന്നതിന് | ഒരു തൈ നടാം വൃക്ഷ തൈ നടൽ പരിപാലിക്കൽ | ജൂൺ | കുട്ടികൾ |
| പ്രധാന ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ | പോസ്റ്റർ നിർമ്മാണം നല്ല ശീലം, ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | കുട്ടികൾ trs |
| ശാസ്ത്രാനുഭവം പങ്കുവയ്ക്കുന്നതിന് | അഭിമുഖസംഭാഷണം | ഓക്ടോബർ | trs |
| ഓരോ പ്രധാനപ്പെട്ട ദിനത്തിന്റെയും പ്രാധാന്യം മനസിലാക്കുന്നതിന് | ദിനാചരണങ്ങൾ ഓഗസ്റ്റ്-6 സുഡാക്കോ നിർമ്മാണം, ഡോക്യുമെന്ററി പ്രദർശനം, പ്ലക്കാർഡ് യുദ്ധ വിരുദ്ധ സന്ദേശം | പ്രധാനദിനങ്ങളിലും ഓഗസ്റ്റ് 6,15 | Evs trs |

<u>സർഗവേദി</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കലാഭിരുചി വളർത്തുന്നതിന് | സർഗവേള ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ വേള നടത്തപ്പെടുന്നു | എല്ലാ ആഴ്ചയിലും | trs |
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG PTA |
| ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | സോഷ്യൽ മീഡിയ പ്രകടനങ്ങൾ കുട്ടികളുടെ മികവുകൾ സ്കൂൾ, യൂറ്റ്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവയ്ക്കൽ | ജൂൺ - മാർച്ച് | SRG |

## കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ കലാവാസന മെച്ചപ്പെടുത്തുന്നതിന് | പൂക്കൾ നിർമ്മാണം<br>വിവിധ പൂക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം | ഒക്ടോബർ | trs |
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണം<br>പ്ലാസ്റ്റിക് ഹരിതക്യാമ്പ് | നവംബർ | SRG |
| ഇതര വിഷയങ്ങളുമായും പഠനവുമായും പ്രവർത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമി<br>കരകൗശല പരിശീലനം<br>പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യാനുള്ള പരിശീലനം | ജൂലൈ - മാർച്ച് | trs |

## ആരോഗ്യ-കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | കായികാരോഗ്യം സ്കിപ്പിങ് പരിശീലനം, അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | H.M<br>SRG<br>PTA |
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക | ഹെൽത്ത് ചെക്ക് അപ്പ് എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്തുന്നതിനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്കപ്പ്.<br>അയൺ ഗുളിക വിതരണം | ജൂൺ - ഓഗസ്റ്റ്<br>ജൂൺ - മാർച്ച് | PTA<br>Health Club |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | കായിക വിദ്യാഭ്യാസം PT പീരീഡിൽ ഫിസിക്കൽ എക്സർസൈസ്.........., സുംബ ഡാൻസ് എന്നിവയിൽ പരിശീലനം നൽകുന്നു | ജൂൺ - മാർച്ച്<br>ആഴ്ചയിൽ രണ്ട് ദിവസം | SRG |
| ആരോഗ്യ പരിപാലനം | പച്ചക്കറിത്തോട്ട വിപുലീകരണം<br>പച്ചക്കറി വിത്തുകൾ നട്ട് പരിപാലിച്ച് വിഷരഹിതമായ പച്ചക്കറികൾ കൊണ്ടുള്ള വിഭവങ്ങൾ കുട്ടികൾക്ക് നൽകുന്നു | ജൂൺ - മാർച്ച് | Noon Meal |